**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1311 04.02.2019 ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)** |
| (എ) സാക്ഷരതാ മിഷന്റെ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ പാസ്സായവർക്കും നിലവിൽ പഠനം നടത്തുന്നവർക്കും തുടർന്നു പഠിക്കുന്നതിനുള്ള സംവിധാനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(ബി) എങ്കിൽ കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ പഠിക്കുവാനുള്ള അവസരത്തിനു കാത്തുനിൽക്കുന്ന സാഹചര്യത്തിൽ ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ എന്നും സാക്ഷരതാ മിഷനെ സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയാക്കി മാറ്റുമോ എന്നും വ്യക്തമാക്കാമോ; | (എ) & (ബി) | നിലവിൽ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ പാസ്സാകുന്നവർക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി, കേരളാ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, എം.ജി യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ കേന്ദ്രങ്ങളിൽ തുടർ പഠനത്തിന് അവസരം ലഭ്യമാണ്. സാക്ഷരതാ മിഷനെ സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) നിലവിൽ ഏതെല്ലാം ഗൾഫ് രാജ്യങ്ങളിലാണ് സാക്ഷരതാ മിഷന്റെ തുല്യതാ പഠനത്തിന് സംവിധാനമുള്ളതെന്നും ഇല്ലാത്ത രാജ്യങ്ങളിൽ കൂടി ഇത് വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (സി) | സാക്ഷരതാ മിഷൻ നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് ദുബായിൽ നടത്തി വരുന്നു. സാക്ഷരതാ മിഷൻ നടത്തുന്ന കോഴ്സുകൾ മറ്റ് രാജ്യങ്ങളിൽ ആരംഭിക്കുന്നതിനുള്ള ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ